## <u>സൈബർ ലോകവും കുട്ടികളും</u>

ലോകമിന്ന് നമ്മുടെ വിരൽത്തുമ്പിലാണ്. സാമൂഹ്യമാദ്ധ്യമങ്ങൾ ഒഴിച്ചുകൂടാനാകാത്ത ഒന്നായി ഇന്ന് മാറിയിരിക്കുകയാണ്. ഇന്ന് സാമൂഹ്യമാദ്ധ്യമങ്ങളിൽ കൂടുതൽ കൗതുകം പുലർത്തുന്നതും, താത്പര്യം പുലർത്തുന്നതും സ്കൂൾ വിദ്യാർത്ഥികളാണ്. സൈബർ ലോകത്ത് കുട്ടികൾക്കെതിരേയുള്ള അതിക്രമങ്ങൾ ഇന്ന് വർദ്ധിച്ചു വരികയാണ്. അതുകൊണ്ട് തന്നെ ഈ ലോകത്തോടുള്ള കുട്ടികളുടെ തെറ്റായ സമീപനം മാറേണ്ടിയിരിക്കുന്നു.

സൈബർ ലോകം കുട്ടികൾക്കും മുതിർന്നവർക്കും വളരെ പ്രയോജനകരമാണെങ്കിലും ചില സമയത്ത് അവയോടുള്ള തെറ്റായ സമീപനം കുട്ടികളെ കുഴപ്പത്തിലാക്കുന്നു. ഇവിടെ നമുക്ക് ചെയ്യാനാകുന്നത് സൈബർ ലോകത്തിന്റെ നന്മ-തിന്മകളെക്കുറിച്ച് കുട്ടികളെ അവബോധരാക്കുക എന്നതാണ്. കുട്ടികളെ കുടുക്കിലാക്കാനായി പല തരത്തിലുള്ള ചതിക്കുഴികൾ ഇന്ന് സാമൂഹ്യ മാധ്യമ രംഗത്തുണ്ട്. ഇവയെ ബുദ്ധിപൂർവം ഒഴിവാക്കുന്നതനുസരിച്ചിരിക്കും കുട്ടികളുടെ സുരക്ഷ.

ഈയിടെ ഏറെ വാർത്താപ്രാധാന്യം നേടിയേടുത്ത ഒരു വില്ലനാണ് ബ്ലൂവെയിലൽ എന്ന ഗെയിം. കുട്ടികളുടെ മനസ്സിലെ ആകാംഷയെ മുതലെടുത്ത് ഒട്ടേറേ ചതിക്കുഴികളുമായി കാത്തിരിക്കുന്ന നവമാധ്യമങ്ങളിലെ അനവധി പ്രശ്നങ്ങളിൽ ഒന്നുമാത്രമാണിത്. ഈ പ്രതിസന്ധിക്ക് ഒരു പ്രധാന കാരണം കുട്ടികളും രക്ഷിതാക്കളും തമ്മിലുള്ള ആത്മബന്ധമില്ലായ്മ തന്നെയാണ്. കുട്ടികളെ സൈബർ ലോകത്തുള്ള തെറ്റായ സമീപനങ്ങളിൽ അകറ്റി നിർത്തുന്നതിൽ മാതാപിതാക്കളും അധ്യാപകരും ഒരു പ്രധാന പങ്കു വഹിക്കേണ്ടതുണ്ട്.

പണ്ടൊക്കെ കുട്ടികൾ പ്രകൃതിയിലേക്കിറങ്ങിച്ചെന്നാണ് ഓരോ കാര്യങ്ങളും ചെയ്തിരുന്നത്. എന്നാൽ ഇന്നത്തെ കുട്ടികൾ ഇവരെ ഓൾഡ് ജനറേഷൻ എന്ന പറഞ്ഞ് പരിഹസിക്കുന്ന ഒരു പ്രതീതിയാണ്. പക്ഷേ ഓൾഡ്"ഈസ് ഗോൾഡ് എന്ന കാര്യം ഇവർ മറന്നുപോകുന്നു.

സൈബർ ലോകം കുട്ടികൾക്ക് വിജ്ഞാനത്തിന്റെ ഒരു വലിയ ലോകമാണ് സമ്മാനിക്കുന്നത്. അതിന്റെ നല്ല വശങ്ങൾ മാത്രം പ്രയോജനപ്പെടുത്താൻ നമുക്ക് കുട്ടികളെ സഹായിക്കാം. ഇന്ന് സർക്കാർ സ്കൂളുകളിൽ സൈബർ ക്ലബ് പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുന്നു. ഇതിനായി നമുക്കും പങ്കുചേരാം.

# സ്കൂൾ കലോത്സവത്തിന് വർണ്ണാഭമായ തുടക്കം




**തിരു. ഒക്ടോബർ 4 -ാം തീയതി കോട്ടൺ ഹിൽ സ്കൂളിലെ കലോത്സവ വേദി ഉണർന്നു.ഉദ്ഘാടനം നിർവ്വഹിച്ചത് "ജിമിക്കിക്കമ്മൽ...."എന്നപാട്ടിലൂടെ പ്രസിദ്ധനായ ശരത്കുമാർ ആണ്.തുടർന്ന് 3 ദിവസംനീണ്ടു നിന്ന കലാപരിപാടികളിൽ നിരവധി കലാപ്രതിഭകൾ മാറ്റുരച്ചു.തുടർന്നു നടന്ന ഉപജില്ലാ കലോത്സവത്തിലും സ്കൂളിന്റെ യശസ്സ് ഉയർത്തിപിടിക്കുന്ന പ്രകടനമാണ് കാഴ്ചവച്ചത്.**

# രുചിഭേദങ്ങളുടെ സംഗമം; കോട്ടൺഹിൽ സ്കൂളിൽ ഭക്ഷ്യമേള

**തിരു: വഴുതയ്ക്കാട് കോട്ടൺഹിൽസ്കൂളിൽ സംഘ ടിപ്പിച്ച ഭക്ഷ്യമേള വൈവിദ്ധ്യമാർന്നരുചിക്കൂട്ടുകളുടെ പരീക്ഷണശാലയായി മാറി വിദ്യാർ ത്ഥികൾ തത്സമയംതയ്യാറാക്കിയ വിഭവങ്ങളും വീട്ടിൽവച്ച് തയ്യാറാക്കിക്കൊണ്ടുവന്നവയുംകപ്പയുംചിക്കനുംമീൻകറിയുമെല്ലാംനിമഷനേ രം കൊണ്ട് വിറ്റഴിഞ്ഞു. സാന്ത്വനം സഹായ നിധിയിലേയ്ക്ക് നല്ലൊരുതുക സംഭാവനയായി സ്വരൂപിക്കുന്നതിനും കഴിഞ്ഞു**

